# ജമാഅത്ത് ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങൾ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്
(അയ്യദഹുല്ലാഹു തആലാ ബി നസ്വ്രിഹിൽ അസീസ്)

ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹ് മസ്ജിദിൽ
2016 ജൂലൈ 15 ന് നിർവഹിച്ച
ജുമുഅ ഖുത്ബയുടെ മലയാള പരിഭാഷ

പ്രസാധനം :
നസാറത്ത് ഉൽയാ
സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ

# FRIDAY SERMON

**Delivered By**
**Hadhrat Khalifatul Masih Vth (atba)**
**at Masjid Baitul Futuh London**
**on 15-July-2016**
**(in Urdu)**

# ജമാഅത്ത് ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങൾ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്
## ഖലീഫത്തുൽ മസീഹ് അൽഖാമിസ്

**(അയ്യദഹുല്ലാഹു തആലാ ബി നസ്വ്‌രിഹിൽ അസീസ്)**

**ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹ് മസ്ജിദിൽ**
**2016 ജൂലൈ 15 ന് നിർവഹിച്ച ജുമുഅ ഖുത്ബയുടെ**
**മലയാള പരിഭാഷ**

വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി


പ്രസാധകർ

**നസാറത്ത് ഉൽയാ**

**സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ**

**ജമാഅത്ത് ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങൾ**
*(Responsibilities Of Jamaat's office-bearers)*
*Orginal in Urdu :*
**Jama'athi Uhdedaran ki Zimmadariyan**

Friday Sermon Deliverd By
**Hadhrath Mirza Masroor Ahmad Sahib**atba
Khalifathul Masih V

on 15/07/2016, at **Masjid Baithul Futhuh** London,UK

Malayalam Translaion : H.Shamsuddin Kavassery

First Edition : 2016/Copies : 1000

Published By :
**Nazarat Uliya, Sadr Anjuman Ahmadiyya**
Qadian - 143 516, Dist.Gurdaspur, Punjab, India.

Printed at : Fazle Umar Printing Press Qadian

- അമീർമാർ,സദ്ർമാർ,ഭാരവാഹികൾ,മുബല്ലിഗുമാർ എന്നിവർക്കുള്ള സുപ്രധാന ഉപദേശങ്ങൾ

- സത്യസന്ധതയിൽ നിലനിൽക്കുകയും തങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുകയും ചെയ്തു കൊണ്ട് തങ്ങളുടെ ജോലികൾ നിരവേറ്റേണ്ടത് ജമാഅത്തീ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിട്ടുള്ളവരുടെ അടിസ്ഥാനപരമായ സവിശേഷത ആയിരിക്കണം.

- തർബിയ്യത്ത് വകുപ്പ് പ്രവർത്തനനിരതമായാൽ മറ്റു പല വകുപ്പുകളുടേയും പ്രവർത്തനങ്ങൾ സ്വയമേവ നടക്കുന്നതാണ്.

- തർബിയ്യത്തിന്റെ ജോലി ആദ്യം നിങ്ങളുടെ ഭവനത്തിൽ നിന്ന് തുടങ്ങണമെന്ന് പറയാറുണ്ട്. ഇത് തർബിയ്യത്ത് സെക്രട്ടറിയുടെ വീട് മാത്രമല്ല. മറിച്ച് ആമിലായിലെ എല്ലാഓരോ അംഗത്തിന്റേയും വീടാണ്. തങ്ങളുടെ തർബിയ്യത്ത് ചെയ്യുന്നതിൽ മജ്‌ലിസെ ആമില എല്ലാവരെക്കാളും മേലെയായിരിക്കണം. പരിപാടികൾ തയ്യാറാക്കുമ്പോൾ ജമാഅത്ത് അമീർ, ജമാഅത്ത് പ്രസിഡന്റ്, തർബിയ്യത്ത് സെക്രട്ടറി തുടങ്ങി ആര് പരിപാടികൾ ഉണ്ടാക്കുകയാണെങ്കിലും തങ്ങളുടെ മജ്‌ലിസെ ആമില പ്രസ്തുത പരിപാടികൾ പ്രാവർത്തികമാക്കുന്നുണ്ടോ ഇല്ലയോ എന്നും അല്ലാഹുവിന്റെ അടിസ്ഥാനപരമായ കല്പനകളും മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും ആമില അംഗങ്ങൾ പൂർത്തിയാക്കുന്നുണ്ടോ? എന്നും നോക്കേണ്ടതാണ്.

- അല്ലാഹുവിനോടുള്ള കടമകളിൽ ഏറ്റവും വലിയ കടമ ഇബാദത്തിന്റേതാണ്. അത് സംബന്ധിച്ച്, നമസ്കാരം നിലനിർത്തുക എന്നതാണ് പുരുഷന്മാരോടുള്ള കല്പന. നമസ്കാരം

നിലനിർത്തുക എന്നാൽ ജമാഅത്തായി നമസ്കാരം അനുഷ്ഠിക്കുക എന്നാണ്. ആയതിനാൽ, അമീർമാരും സദ്ർമാരും ഭാരവാഹികളും തങ്ങളുടെ നമസ്കാരത്തെ സംരക്ഷിച്ചുകൊണ്ട് അതിനെ നിലനിറുത്തുന്നതിനും ജമാഅത്തായി അനുഷ്ഠിക്കുന്നതിനും നല്ലപോലെ ശ്രമിക്കേണ്ടതാണ്.

- നമ്മുടെ എല്ലാ ഭാരവാഹികൾക്കും നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കാനുള്ള ബോധമുണ്ടാകേണ്ടതാണ്. ഇല്ലെങ്കിൽ വിശുദ്ധ ഖുർആൻ കൂടെക്കൂടെ ഉണർത്തിയിട്ടുള്ള, അമാനത്തുകൾ യഥാവിധി നിറവേറ്റുന്നവരാകുകയില്ല.

- ഇതിനുപുറമെയും ഭാരവാഹികൾ പ്രത്യേകമായും ശ്രദ്ധിക്കേണ്ട ചില സംഗതികളുണ്ട്. ഇക്കാര്യങ്ങൾ ജനങ്ങളുടെ അവകാശങ്ങളും ജമാഅത്തംഗങ്ങളോടുള്ള ഭാരവാഹികളുടെ പെരുമാറ്റവുമായി ബന്ധപ്പെട്ടവയാണ്.

- പ്രത്യേകമായും ഭാരവാഹികളുടെ അകതാരിൽ ഉണ്ടായിരിക്കേണ്ട ഒരു സവിശേഷഗുണം വിനയമാണ്.

- തന്താങ്ങളുടെ പ്രവർത്തന വൃത്തം മനസ്സിലാക്കുന്നതിന് വേണ്ടി ഭാരവാഹികൾ നിർബന്ധമായും നിയമങ്ങളും ചട്ടങ്ങളും വായിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.

- ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട മറ്റൊരു സവിശേഷത കീഴുദ്യോഗസ്ഥരോട് നല്ല രീതിയിൽ പെരുമാറുക എന്നതാണ്.

- തന്റെ പരിചയവും അറിവുമാണ് ജമാഅത്തിന്റെ പ്രവർത്തനങ്ങളെ നടത്തുന്നതെന്നതെന്നോ തന്റെ പരിചയത്തിനും അറിവിനും ജമാഅത്തീ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നോ ഉള്ള ചിന്താഗതി ആരുടെ മനസ്സിലും ഉണ്ടാകാൻ പാടില്ല. അല്ലാഹുവിന്റെ അനുഗ്രഹം ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

- ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട മറ്റൊരു സവിശേഷത പ്രസന്നഭാവവും സൽസ്വഭാവത്തോടുകൂടി പെരുമാറുകയുമാണ്.

- ജനങ്ങൾക്ക് എളുപ്പമുണ്ടാക്കാനുള്ള വഴികളെ കുറിച്ച് ചിന്തിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം ഭാരവാഹികൾക്ക് പ്രത്യേകിച്ചും അമീർമാർക്കും പ്രസിഡന്റുമാർക്കും തർബിയ്യത്ത് വകുപ്പുകൾക്കും തീരുമാനമെടുക്കുന്ന സ്ഥാപനങ്ങൾക്കുമുണ്ട്. പക്ഷേ ഒരു കാര്യം ഓർക്കുക, അല്ലാഹുവിന്റെ കല്പനകൾക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം ഈ മാർഗം സ്വീകരിക്കേണ്ടത്.

- കേന്ദ്രത്തിൽനിന്ന് വരുന്ന നിർദേശങ്ങളും സർക്കുലറുകളും ത്വരിതഗതിയിലും പൂർണശ്രദ്ധയോടേയും നടപ്പിൽവരുത്തുകയും തങ്ങളുടെ ജമാഅത്തുകൾ മുഖേന നടപ്പിൽ വരുത്തിക്കുകയും ചെയ്യേണ്ടതും അമീർമാരുടേയും പ്രസിഡന്റുമാരുടേയും ജമാഅത്ത് സെക്രട്ടറിമാരുടേയും വളരെ പ്രധാനപ്പെട്ട കർത്തവ്യമാണ്.

- തങ്ങളുടെ ചന്ദകൾ കൃത്യമായി കൊടുക്കുകയും അതിന്റെ കണക്കുകൾ സൂക്ഷിക്കുകയും ചെയ്യേണ്ടത് ഓരോ മൂസിയുടേയും സ്വന്തം ചുമതലയാണെന്ന് മൂസികൾ ഓർത്തിരിക്കേണ്ടതാണ്. എന്നാൽ ഓരോ മൂസിയുടേയും കണക്കുകൾ പൂർത്തിയാക്കി വെക്കുകയും ആവശ്യാനുസരണം അവരുടെ ചന്ദയുടെ അവസ്ഥ എന്താണെന്ന് ഓർമപ്പെടുത്തേണ്ടതും കേന്ദ്ര ഓഫീസിന്റേയും ബന്ധപ്പെട്ട സെക്രട്ടറിമാരുടേയും കർത്തവ്യമായിരിക്കും. പ്രാദേശിക ജമാഅത്ത് സെക്രട്ടറിമാരെ കർമനിരതരാക്കേണ്ടത് ദേശീയ ജമാഅത്തിന്റെ ജോലിയാണ്. ഓരോ മൂസിയും അവരുടെ ബന്ധത്തിൽ (Contact) ഉണ്ടായിരിക്കണം.

- അല്ലാഹു അടുത്ത മൂന്നു വർഷത്തേക്ക് സേവനം ചെയ്യാൻ അവസരം തന്നിരിക്കുന്നു. അതിൽ തങ്ങളുടെ എല്ലാ കഴിവുകളോടുംകൂടി, അധികമധികം സേവനം ചെയ്യാനും തങ്ങളുടെ ഓരോ വാക്കിലും പ്രവൃത്തിയിലും ജമാഅത്തിൽ മാതൃകയായിത്തീരാനും അല്ലാഹു എല്ലാ ഭാരവാഹികൾക്കും തൗഫീഖ് നല്കുമാറാകട്ടെ.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്
(അയ്യദഹുല്ലാഹു തആലാ ബി നസ്രിഹിൽ അസീസ്)
ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹ് മസ്ജിദിൽ
2016 ജൂലൈ 15 (ഹിജ്രി ശംസി 1395 വഫാ 15) ന്
നിർവഹിച്ച ജുമുആ ഖുത്ബ

اَشْهَدُ اَنْ لَا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْم

بِسْمِ اللّٰهِ الرَّحْمَنِ الرَّحِيمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ۔ الرَّحْمَنِ الرَّحِيمِ۔ مَالِكِ يَوْمِ الدِّينِ۔
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ۔ اهْدِنَا الصِّرَاطَ الْمُسْتَقِيمَ۔ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

കുറച്ചു മുമ്പ് ഒരു ഖുത്ബയിൽ ഇത് ജമാഅത്തീ ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന വർഷമാണെന്ന് ഞാൻ പറഞ്ഞിരുന്നു. ഇപ്പോൾ മിക്കവാറും സ്ഥലങ്ങളിലും ദേശീയ, തദ്ദേശ ജമാഅത്തുകളിൽ തിരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞിരിക്കുന്നു, പുതിയ ഭാരവാഹികൾ തങ്ങളുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ചില അമീർമാരും സദ്ർമാരും മറ്റ് ഭാരവാഹികളും പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരാണ്. പക്ഷേ ഒരുപാട് സ്ഥലങ്ങളിൽ നേരത്തെ പ്രവർത്തിച്ചു കൊണ്ടിരുന്നവർ തന്നെ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പുതിയതായി വരുന്നവരും, അവരെ അല്ലാഹു ജമാഅത്തിന് സേവനംചെയ്യാൻ തിരഞ്ഞെടുത്തതിൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതോടൊപ്പം താഴ്മയോടെ അല്ലാഹുവിന്റെ സവിധത്തിൽ കുനിഞ്ഞുകൊണ്ട് അവരിൽ അർപ്പിക്കപ്പെട്ടിരിക്കുന്ന ഈ അമാനത്ത് അഥവാ സൂക്ഷിപ്പുമുതലിനോടുള്ള കടമ നിറവേറ്റാൻ

സൗഭാഗ്യം ലഭിക്കുന്നതിനുവേണ്ടി അല്ലാഹുവിനോടു സഹായവും അർഥിക്കേണ്ടതാണ്. അതു പോലെതന്നെ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭാരവാഹികളും അല്ലാഹു അവർക്ക് വീണ്ടും സേവനം ചെയ്യാൻ സൗഭാഗ്യം നൽകിയതിൽ അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കുകയും അതോടൊപ്പം തങ്ങളിൽ അർ പ്പിതമായ അമാനത്തുകളുടെ കടമ സകല കഴിവുകളോടും കൂടി നിറവേറ്റാൻ സൗഭാഗ്യം ലഭിക്കേണമേ എന്നും കഴിഞ്ഞ സേവനകാലഘട്ടത്തിൽ അവരിൽനിന്ന് സംഭവിച്ച വീഴ്ചകളും അലസതകളും അശ്രദ്ധകളും കാരണം അവരിൽ അർപ്പിതമായിരുന്ന അമാനത്തുകളുടെ കടമ നിർവേറ്റപ്പെടാതിരിക്കുകയോ നിറവേറ്റാതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹു അത് അവഗണിച്ചുകൊണ്ട് അവൻ തന്റെ അനുഗ്രഹത്താൽ ഇനിയുള്ള മൂന്നു വർഷം വീണ്ടും അവസരം തന്നനുഗ്രഹിച്ചതിൽ, ചുമതലയേൽപ്പിച്ച ആ അമാനത്തുകളിൽ മേലിൽ വീഴ്ചകളും അലസതകളും അ ശ്രദ്ധകളും ഉണ്ടാകാതിരിക്കുന്നതിനും ഈ അമാനത്തുകളുടെ കടമ നിറവേറ്റുന്നതിന് സൗഭാഗ്യം ലഭിക്കേണമേ എന്നും വിനയാന്വിതമായി ദു:ആ ചെയ്യേണ്ടതാണ്.

## ജമാഅത്തീ സേവനം നിസ്സാര സംഗതിയല്ല

ഓർക്കുക, ജമാഅത്തീ സേവനം ഒരു നിസ്സാരസേവനമാണെന്ന് കരുതരുത്. ഉപരിപ്ലമായി എടുക്കുകയുമരുത്. നമ്മിൽ ഓരോരുത്തരും അവർ ഭാരവാഹികളാണെങ്കിലും സാധാരണ അഹ്മദിയാണെങ്കിലും ശരി, ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് ശപഥം ചെയ്തവരാണ്. ഒരാൾ ദീനിന്റെ സേവനം അല്ലെങ്കിൽ ഭാരവാഹി എന്ന നിലയിൽ ഏതെങ്കിലും സേവനം ചെയ്യുന്നതിന് സന്നദ്ധനാകുമ്പോൾ അല്ലെങ്കിൽ പ്രസ്തുത സേവനത്തിന് നിയോഗിക്കപ്പെടുമ്പോൾ അയാൾ മറ്റുള്ളവരെക്കാളും കൂടുതലായി തന്റെ ശപഥം പൂർത്തിയാക്കാൻ കടമപ്പെട്ടയാളാണ്. മാത്രമല്ല ഓർക്കുക, അയാൾ ഈ ശപഥം അല്ലാഹുവിനോടാണ് ചെയ്തിട്ടുള്ളത്. അല്ലാഹു വിശുദ്ധ ഖുർആനിൽ

പല സ്ഥലങ്ങളിലായി തങ്ങളുടെ ശപഥങ്ങൾ പൂർത്തിയാക്കാൻ പറഞ്ഞിരിക്കുന്നു.

ആയതിനാൽ എപ്പോഴും ഓർക്കുക, നിങ്ങൾ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ള, നിങ്ങളെ ഏല്പിച്ചിരിക്കുന്ന അമാനത്തുകൾ നിങ്ങൾ ചെയ്ത ഉടമ്പടിയാകുന്നു. അതുകൊണ്ട് തങ്ങളുടെ ഉടമ്പടികളും അമാനത്തുകളും പൂർത്തിയാക്കുക എന്ന് അല്ലാഹു വളരെ വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു. ഒരിടത്ത് അല്ലാഹു, തങ്ങളുടെ വാക്കുകളിൽ സത്യസന്ധരും തഖ്‌വയിലൂടെ ചരിക്കുന്നവരുടേയും ലക്ഷണമായി പറയുന്നു :

وَالْمُوفُونَ بِعَهْدِهِمْ إِذَا عَاهَدُوا

അതായത് (അവർ) കരാർ ചെയ്താൽ തങ്ങളുടെ കരാർ പാലിക്കുന്നവരാണ്.(2:178)

ചുരുക്കത്തിൽ സത്യസന്ധതയിൽ നിലനിൽക്കുകയും തങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുകയും ചെയ്തു കൊണ്ട് തങ്ങളുടെ ജോലികൾ നിറവേറ്റേണ്ടത് ജമാഅത്തീ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിട്ടുള്ളവരുടെ അടിസ്ഥാനപരമായ സവിശേഷത ആയിരിക്കണം. അവരുടെ സത്യസന്ധതയുടെ നിലവാരത്തിൽ അല്പമെങ്കിലും അലസതയും ന്യൂനതയും ഉണ്ടാകുകയും അവരുടെ തഖ്‌വയുടെ നിലവാരം ഒരു സാധാരണ ജമാഅത്തംഗത്തിന് മാതൃകയാകാതിരിക്കുകയുമാണെങ്കിൽ അവർ തങ്ങളുടെ ശപഥവും തങ്ങളുടെ ഭാരവാഹിത്വവും തങ്ങളുടെ അമാനത്തിനോടുള്ള കടമയും നിർവഹിക്കുന്നതിലേക്കും ശ്രദ്ധ ചെലുത്തുന്നില്ല.

ആയതിനാൽ അമീർമാരും പ്രസിഡന്റുമാരും ആദ്യം തങ്ങളുടെ ആമിലാ(പ്രവർത്തക സമിതി)യുടെ മുമ്പിലും ജമാഅത്തംഗങ്ങളുടെ മുമ്പിലും തങ്ങളുടെ മാതൃക സ്ഥാപിക്കേണ്ടതാണ്.

## തർബിയ്യത്ത് സെക്രട്ടറി

തർബിയ്യത്ത് അഥവാ ശിക്ഷണപരമായ ജോലി തർബിയ്യത്തു സെക്രട്ടറിമാരുടെ ചുമതലയാണ്. മാതൃകകൾ സ്ഥാപിതമായെ

ങ്കിൽ മാത്രമേ ശരിയായ നിലയിൽ തർബിയ്യത്തിന്റെ ജോലി സാധ്യമാകുകയുള്ളൂ. മറ്റുള്ളവരെ ഉപദേശിക്കുന്ന ഉത്തരവാദപ്പെട്ട പ്രവർത്തകർ സ്വയം അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാകണം. അതുകൊണ്ട് തർബിയ്യത്ത് സെക്രട്ടറിയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ തന്റെ മാതൃക സ്ഥാപിക്കേണ്ടതാണ്, എന്തെന്നാൽ ജമാഅത്തിന്റെ തർബിയ്യത്തിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിന്റെ ചുമതലയാകുന്നു.

തർബിയ്യത്ത് വകുപ്പ് പ്രവർത്തനനിരതമായാൽ മറ്റു പല വകുപ്പുകളുടേയും പ്രവർത്തനങ്ങൾ സ്വയമേവ നടക്കുമെന്ന് ഞാൻ പല അവസരങ്ങളിലും പറഞ്ഞിട്ടുള്ളതാണ്. ജമാഅത്തംഗങ്ങളുടെ തർബിയ്യത്തിന്റെ നിലവാരം എത്രമാത്രം ഉയരുന്നുവോ അത്രയും മറ്റു വകുപ്പുകളുടെ ജോലി എളുപ്പമാകുന്നതാണ്. ഉദാഹരണത്തിന് മാൽ സെക്രട്ടറിയുടെ ജോലി എളുപ്പമാകും. ഉമൂറെആമ സെക്രട്ടറിയുടെ ജോലി എളുപ്പമാകും. തബ്‌ലീഗ് സെക്രട്ടറിയുടെ ജോലി എളുപ്പമാകും. അതുപോലെ തന്നെ മറ്റു വകുപ്പുകളുടേയും ഖളായുടേയും ജോലി എളുപ്പമാകും.

വിവിധ സ്ഥലങ്ങളിൽ നടക്കുന്ന ആമില മീറ്റിംഗുകളിലും ഞാൻ, തർബിയ്യത്തിന്റെ ജോലി ആദ്യം നിങ്ങളുടെ ഭവനത്തിൽ നിന്ന് തുടങ്ങണമെന്ന് പറയാറുണ്ട്. ഇത് തർബിയ്യത്ത് സെക്രട്ടറിയുടെ വീട് മാത്രമല്ല. മറിച്ച് ആമിലായിലെ എല്ലാ ഓരോ അംഗത്തിന്റേയും വീടാണ്. തങ്ങളുടെ തർബിയ്യത്ത് ചെയ്യുന്നതിൽ മജ്‌ലിസെ ആമില എല്ലാവരെക്കാളും മേലെയായിരിക്കണം. പരിപാടികൾ തയ്യാറാക്കുമ്പോൾ ജമാഅത്ത് അമീർ, ജമാഅത്ത് പ്രസിഡന്റ്, തർബിയ്യത്ത് സെക്രട്ടറി തുടങ്ങി ആര് പരിപാടികൾ ഉണ്ടാക്കുകയാണെങ്കിലും തങ്ങളുടെ മജ്‌ലിസെ ആമില പ്രസ്തുത പരിപാടികൾ പ്രാവർത്തികമാക്കുന്നുണ്ടോ ഇല്ലയോ എന്നും അല്ലാഹുവിന്റെ അടിസ്ഥാനപരമായ കല്പനകളും മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും ആമില അംഗങ്ങൾ പൂർത്തിയാക്കുന്നുണ്ടോ? എന്നും നോക്കേണ്ടതാണ്. ഇല്ലെങ്കിൽ പിന്നെ തഖ്‌വയും ഇല്ല.

# നമസ്കാരം നിലനിർത്തുക

അല്ലാഹുവിനോടുള്ള കടമകളിൽ ഏറ്റവും വലിയ കടമ ഇബാദത്തിന്റേതാണ്. അത് സംബന്ധിച്ച്, നമസ്കാരം നിലനിർത്തുക എന്നതാണ് പുരുഷന്മാരോടുള്ള കല്പന. നമസ്കാരം നിലനിർത്തുക എന്നാൽ  ജമാഅത്തായി നമസ്കരം അനുഷ്ഠിക്കുക എന്നാണ്. ആയതിനാൽ, അമീർമാരും സദ്ർമാരും ഭാരവാഹികളും തങ്ങളുടെ നമസ്കാരത്തെ സംരക്ഷിച്ചുകൊണ്ട് അതിനെ നിലനിറുത്തുന്നതിനും ജമാഅത്തായി അനുഷ്ഠിക്കുന്നതിനും നല്ലപോലെ ശ്രമിക്കേണ്ടതാണ്. അങ്ങനെ നമ്മുടെ മസ്ജിദുകളും നമസ്കാരസെന്ററുകളും ജനബാഹുല്യമാകുമ്പോൾ അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും സ്വായത്തമാക്കുന്ന വരും തങ്ങളുടെ കർമപരമായ മാതൃകകൊണ്ട് ജമാഅത്തംഗങ്ങൾക്ക് ശിക്ഷണം നൽകുന്നവരും അല്ലാഹുവിന്റെ അനുഗ്രഹങ്ങ ൾക്ക് അനന്തരാവകാശികളും ആയി മാറും. അവരുടെ ജോലികളിലും എളുപ്പമുണ്ടാകും.  വെറുതെ  സംസാരിക്കുന്നവരാകുകയില്ല. അതുകൊണ്ട് പ്രവർത്തകരായിട്ടുള്ളവർ, എത്രമാത്രം തങ്ങളുടെ വാക്കും പ്രവൃത്തിയും ഒന്നാണെന്ന് ആദ്യം വിലയിരുത്തേണ്ടതാണ്. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا لِمَ تَقُولُونَ مَا لَا تَفْعَلُونَ

വിശ്വസിച്ചവരേ! നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു? (61:3)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“പറയുകയും സ്വയം പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവർ ലോകത്തുണ്ടായിരുന്നുവെന്നും ഉണ്ടെന്നും ഇനിയും ഉണ്ടാകുമെന്നും ഈ ആയത്തു തന്നെ വ്യക്തമാക്കുന്നു.

പറയുന്നു:

“നിങ്ങൾ എന്റെ വാക്കുകൾ ശ്രദ്ധിക്കുക, നല്ലപോലെ ഓർത്തുകൊള്ളുവിൻ!  മനുഷ്യന്റെ സംസാരം സത്യഹൃദയത്തോ

ടെയല്ലെങ്കിൽ കർമപരമായ ശക്തി അതിലില്ലെങ്കിൽ അത് സ്വാധീനം ചെലുത്തുന്നതല്ല." (മൽഫൂസാത്ത് വാള്യം:1, പേജ്:67 1985 ലണ്ടൻ പതിപ്പ്)

വീണ്ടും പറയുന്നു:

ഓർക്കുക, കർമങ്ങളില്ലെങ്കിൽ കേവലം വാചകമടിയും അധര വ്യായാമവും പ്രയോജനരഹിതമാണ്." വെറും സംസാരത്തിന് അല്ലാഹുവിന്റെ പക്കൽ ഒരു വിലയുമില്ല. (മൽഫൂസാത്ത് വാള്യം:1, പേജ്:77 1985 ലണ്ടൻ പതിപ്പ്).

കർമങ്ങൾ കൂടാതെ മറ്റ് കാര്യങ്ങളാണുള്ളതെങ്കിൽ അല്ലാഹുവിന്റെ പക്കൽ അതിന് ഒരു പ്രാധാന്യവുമില്ല.

ചുരുക്കത്തിൽ അല്ലാഹുവിന്റെ ഈ കല്പനയനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ), നമ്മുടെ വാക്കിലും പ്രവൃത്തിയിലും വൈരുദ്ധ്യമുണ്ടാകരുതെന്ന് തുറന്നു പറഞ്ഞിരിക്കുന്നു. ആയതിനാൽ ഈ സംഗതി മുൻനിർത്തിക്കൊണ്ട് ആത്മപരിശോധന നടത്തുന്നവരാണ് ഏറ്റവും കൂടുതലായി നമ്മുടെ ഭാരവാഹികളായിരിക്കേണ്ടത്.

കൂടുതൽ ദൂരമുള്ള സ്ഥലങ്ങളിൽ അല്ലെങ്കിൽ ഏതാനും ഭവനങ്ങൾ ഉള്ള സ്ഥലങ്ങളിൽ മസ്ജിദിനോ നമസ്കാരസെന്ററിനും സൗകര്യമില്ലെങ്കിൽ വീടുകളിൽ നമസ്കാരത്തിനുള്ള സൗകര്യം ചെയ്യാവുന്നതാണ്. ഇത് നടപ്പാക്കാൻ പ്രയാസമില്ല. ധാരാളം അഹ്മദികൾ ഇത് കൃത്യമായി പാലിച്ചുവരുന്നു. അവർക്ക് ഔദ്യോഗികമായ ജോലികളൊന്നും ഇല്ല. ഏതെങ്കിലും ആമിലയുടെ അംഗവുമല്ല. പക്ഷേ, തങ്ങളുടെ വീടുകളുടെ പരിസരത്തുള്ള അഹ്മദികളെ ഒരുമിച്ചുകൂട്ടി ജമാഅത്തായി നമസ്കരിക്കാനുള്ള സംവിധാനമുണ്ടാക്കുന്നു. ആയതിനാൽ കാര്യബോധമുണ്ടെങ്കിൽ എല്ലാം ഉണ്ടാകുന്നതാണ്. നമ്മുടെ എല്ലാ ഭാരവാഹികൾക്കും നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കാനുള്ള ബോധമുണ്ടാകേണ്ടതാണ്. ഇല്ലെങ്കിൽ വിശുദ്ധ ഖുർആൻ കൂടെക്കൂടെ ഉണർത്തിയിട്ടുള്ള, അമാനത്തുകൾ യഥാവിധി നിറവേറ്റുന്നവരാകുകയില്ല.

## യഥാർഥ വിശ്വാസിയുടെ ലക്ഷണം

അതിനാൽ അല്ലാഹു യഥാർഥ വിശ്വാസിയുടെ ലക്ഷണമായി പറഞ്ഞിരിക്കുന്നത്, അവർ തങ്ങളുടെ അമാനത്തുകളും തങ്ങളുടെ പ്രതിജ്ഞകളും ശ്രദ്ധിക്കുന്നവരും അവയെ നിരീക്ഷിക്കുകയും ചെയ്യുന്നവരായിരിക്കുമെന്നാണ്, ഈ സംഗതി എപ്പോഴും ഭാരവാഹികൾ ഗൗനിക്കേണ്ടതാണ്. അവർ തങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്ന അമാനത്തുകളിലും സേവനം ചെയ്യുമെന്ന പ്രതിജ്ഞയിലും തങ്ങളിൽനിന്ന് എന്തെങ്കിലും കുറവോ കുറ്റമോ വന്നിട്ടുണ്ടോ? എന്ന് നോക്കിക്കൊണ്ടിരിക്കുന്നവരായിരിക്കും. എന്തെന്നാൽ ഇത് ഒരു നിസാരകാര്യമല്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

إِنَّ الْعَهْدَ كَانَ مَسْئُولًا

കരാറുകളെ സംബന്ധിച്ച് ഒരു നാൾ ചോദിക്കപ്പെടുന്നതാണ്. (17:35)

ഈ ഇബാദത്ത് ഒരു അടിസ്ഥാനപരമായ കാര്യമാണ്. അതു തന്നെയാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും. അതിന്റെ കടമ നാം നിറവേറ്റുകതന്നെ വേണം. അതിൽ അലസത, പ്രത്യേകിച്ചും ഭാരവാഹികളിൽനിന്ന് ഒരിക്കലും ഉണ്ടാകാൻ പാടില്ല. മാത്രമല്ല ഒരു യഥാർഥ വിശ്വാസിയിൽ നിന്നും ഉണ്ടാകാൻ പാടില്ല.

ഇതിനുപുറമെയും ഭാരവാഹികൾ പ്രത്യേകമായും ശ്രദ്ധിക്കേണ്ട ചില സംഗതികളുണ്ട്. ഇക്കാര്യങ്ങൾ ജനങ്ങളുടെ അവകാശങ്ങളും ജമാഅത്തംഗങ്ങളോടുള്ള ഭാരവാഹികളുടെ പെരുമാറ്റവുമായി ബന്ധപ്പെട്ടവയാണ്. അതോടൊപ്പം അവ ഭരവാഹികളുടെ ഉത്തരവാദിത്വവുമായും ബന്ധപ്പെട്ടതാണ്.

## ഭാരവാഹിയെ സംബന്ധിച്ച ഇസ്‌ലാമിക വീക്ഷണം

ഒരു ഭാരവാഹി, ഓഫീസർ ആകാമെന്ന അല്ലെങ്കിൽ ആക്കുമെന്ന ഭാവനയോടെ ഒരു സേവനത്തിനും നിയമിക്കപ്പെടാവതല്ല. മറിച്ച് ഇസ്‌ലാമിൽ ഭാരവാഹിയെ സംബന്ധിച്ചുള്ള വീക്ഷ

ണം തന്നെ തികച്ചും വ്യത്യസ്തമാണ്. നബി(സ)തിരുമേനി അത് ഇങ്ങനെ വിവരിച്ചിരിക്കുന്നു:

*"ജനങ്ങളുടെ നേതാവ് അവരുടെ സേവകനാകുന്നു."*

(കൻസുൽ ഉമ്മാൽ, കിതാബുസ്സഫ്ർ ഹദീസ് നമ്പർ 17513, പ്രസാധനം: ദാറുൽ കുതുബുൽ ഇൽമിയ്യ, ബൈറൂത്ത് 2004)

ആയതിനാൽ ഒരു ഭാരവാഹി, ജനങ്ങളുടെ കാര്യത്തിൽ തന്റെ അമാനത്ത് നിറവേറ്റുക എന്നാൽ അയാൾ തന്റെ ജനതയുടെ സേവകൻ ആയിരിക്കുക എന്നാണ്. ഈ അവസ്ഥ ഉണ്ടാകുന്നത്, മനുഷ്യനിൽ ത്യാഗത്തിനുള്ള ആത്മാവും അയാളിൽ വിനയവും എളിമയും ഉണ്ടാകുകയും അയാളുടെ ക്ഷമയുടെ നിലവാരം മറ്റുള്ളവരെക്കാൾ ഉയർന്നതായിരിക്കുകയും ചെയ്യുമ്പോഴാണ്. ചില ഘട്ടങ്ങളിൽ പല കാര്യങ്ങളും ഭാരവാഹികൾക്ക് കേൾക്കേണ്ടതായി വരും. കേൾക്കേണ്ടിവന്നാൽ കേൾക്കേണ്ടതാണ്. അവരുടെ സഹനത്തിന്റെ തോത് എത്രമാത്രം ഉന്നതമാണെന്നും ഏതുപരിധിവരെയാണെന്നും വിനയാവസ്ഥ എത്രത്തോളമുണ്ടെന്നും ഭാരവാഹികൾക്ക് സ്വയമേവ വിലയിരുത്താൻ കഴിയുന്നതാണ്. ചിലപ്പോൾ, സഹനം തീരെയില്ലാത്ത ഭാരവാഹികളുടെ കാര്യങ്ങളും മുന്നിൽ വരാറുണ്ട്. ആരെങ്കിലും അപമര്യാദയായി പെരുമാറിയാൽ അവരും മര്യാദകേട് കാണിക്കാൻ തുടങ്ങുന്നു. ഒരു സാധാരണക്കാരൻ ദുഃസ്വഭാവിയാണെങ്കിൽ അതുകൊണ്ട് അയാൾക്ക് ഒരു വ്യത്യാസവും ഉണ്ടാകാൻ പോകുന്നില്ല. അയാളുടെ സ്വഭാവം, അയാൾ വലിയ ദുഃസ്വഭാവിയാണെന്ന് തന്നെ പറയുന്നതാണ്, അയാളുടെ സ്വഭാവം തരംതാണതാണ്. എന്നാൽ, ജനങ്ങളുടെ മുമ്പിൽ ഭാരവാഹിയുടെ വായിൽനിന്ന് തെറ്റായ വാക്കുകൾ വന്നാൽ അയാളുടെ വ്യക്തിഗത അന്തസ്സിനും മാന്യതക്കും പോറലേൽക്കുന്നു. അതോടൊപ്പം ജമാഅത്തിലെ അംഗങ്ങളിലും മോശം പ്രഭാവമുണ്ടാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ കാണാൻ ആഗ്രഹിച്ച ജമാഅത്തിന്റെ നിലവാരത്തിൽ എവിടെയെങ്കിലും അത്തരം ഒരു ഉദാഹരണമുണ്ടായാൽ അത്, ജമാഅത്തിന്റെ ദുഷ്പേരിന് കാര

ണമായിത്തീരുന്നതാണ്. (അഥവാ) കാരണമായേക്കാം. ഇത്തരം ഉദാഹരണങ്ങൾ ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്. മസ്ജിദുകളിലും വഴക്കുകൾ തുടങ്ങുന്നു. ഇക്കാര്യങ്ങൾ കുട്ടികളിലും യുവാക്കളിലും വളരെ മോശമായ പ്രഭാവമാണ് ഉണ്ടാക്കുന്നത്.

അല്ലാഹു നമ്മിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? ത്യാഗങ്ങളുടെ ഉന്നതനിലവാരം സ്ഥാപിക്കുന്നവരെ കുറിച്ച് അല്ലാഹു എങ്ങനെയാണ് സ്മരിക്കുന്നത്? ഒരിടത്ത് പറയുന്നു :

وَيُؤْثِرُونَ عَلَى أَنْفُسِهِمْ

വിശ്വാസികൾ തങ്ങളുടെ ദീനി സഹോദരങ്ങൾക്ക് തങ്ങളെക്കാൾ മുൻഗണന നല്കുന്നു. (59:10)

ഈ ഉദാഹരണമാണ് അൻസാറുകൾ, മുഹാജിരീംകൾക്കുവേണ്ടി സ്ഥാപിച്ചത്. ഈ ഒരു മാതൃക തന്നെയാണ് നമുക്കുമുള്ളത്. തങ്ങളെക്കാൾ മുൻഗണന നല്കുന്നത് പോകട്ടെ, അതൊക്കെ വലിയ കാര്യമാണ്, ചിലപ്പോൾ മറ്റുള്ളവരുടെ അവകാശവും ശരിയായ നിലയിൽ നല്കപ്പെടുന്നില്ല.

## റിപ്പോർട്ട്

ജനങ്ങളുടെ ചില കാര്യങ്ങൾ ഭാരവാഹികളുടെ പക്കൽ അല്ലെങ്കിൽ കേന്ദ്രത്തിൽ റിപ്പോർട്ട് അയക്കുന്നതിനുവേണ്ടി വരുന്നു. അല്ലെങ്കിൽ കേന്ദ്രത്തിൽ നിന്ന് റിപ്പോർട്ട് അയക്കുന്നതിനുവേണ്ടി ചില കാര്യങ്ങൾ അയക്കാറുണ്ട്. അപ്പോൾ വളരെ അശ്രദ്ധമായി റിപ്പോർട്ട് അയക്കുന്നു. ശരിയായ നിലയിൽ അന്വേഷണം നടത്താതെ റിപ്പോർട്ട് നല്കുന്നു. അതല്ലെങ്കിൽ കാര്യങ്ങൾ എത്രത്തോളം താമസിപ്പിക്കുമെന്നാൽ, ഏതെങ്കിലും ബുദ്ധിമുട്ടിലകപ്പെട്ട ആളുടെ ആവശ്യനിവൃത്തിക്കുള്ള അപേക്ഷയാണെങ്കിൽ കൃത്യസമയത്ത് ആവശ്യം പൂർത്തീകരിക്കപ്പെടാത്തതു കൊണ്ട് അയാൾക്ക് നഷ്ടമുണ്ടാകുന്നു. അല്ലെങ്കിൽ ബുദ്ധിമുട്ടു സഹിക്കേണ്ടിവരുന്നു. ചില ഭാരവാഹികൾ തങ്ങളുടെ തിരക്കുകൾ ഒഴികഴിവായി സമർപ്പിക്കാറുണ്ട്. മറ്റ് ചിലരുടെ പക്കൽ ഒഴികഴിവൊന്നുമില്ല, ശ്രദ്ധയില്ലായ്മ ആയിരിക്കും. തങ്ങ

ളുടെ സ്വന്തം കാര്യമാണെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും അടുത്ത ബന്ധുവിന്റെ കാര്യമാണെങ്കിൽ മുൻഗണനകൾ വ്യത്യസ്തമായിരിക്കും.

യഥാർഥ സേവന മനോഭാവം, ത്യാഗമനോഭാവം, തങ്ങളുടെ അമാനത്തിന്റെ കടമ യഥാവിധി നിറവേറ്റുക എന്നതിന്റെയെല്ലാം വിവക്ഷ ഒരേ ചിന്തയോടുകൂടി മറ്റുള്ളവർക്ക് പ്രയോജനപ്പെടുക എന്നതാണ്. ത്യാഗത്തിനുള്ള ഈ പ്രകൃതം ഉണ്ടാകുകയും മറ്റുള്ളവരുടെ പ്രയാസം, സ്വന്തം പ്രയാസമാണെന്ന് കരുതി പ്രവർത്തിക്കുകയുമാണെങ്കിൽ ജമാഅത്തംഗങ്ങളുടേയും ത്യാഗത്തിന്റെ നിലവാരം ഉയരുന്നതാണ്. പരസ്പരം അവകാശങ്ങൾ ധ്വംസിക്കുന്നതിനുപകരം, അവകാശങ്ങൾ കൊടുക്കാനുള്ള ശ്രദ്ധയുണ്ടാകുന്നതാണ്. എല്ലാ തലത്തിലും അവകാശം വാങ്ങുകയും അവകാശം ധ്വംസിക്കുകയും ചെയ്യുന്നതിനു പകരം അവകാശം കൊടുക്കുകയും ത്യാഗമനോഭാവം ഉണ്ടാകുകയും ചെയ്യുമ്പോഴാണ് ലോകത്ത് സമാധാനം സ്ഥാപിതമാകുകയുള്ളൂ എന്നാണ് നാം മറ്റുള്ളവരോടു പറയുന്നത്. എന്നാൽ, നമ്മുടെ അകതാരിൽ ഈ നിലവാരമില്ലെങ്കിൽ നാം അല്ലാഹുവിന് അനിഷ്ടകരമായ കർമങ്ങൾ ചെയ്യുന്നവരായിരിക്കും.

## വിനയം

പ്രത്യേകമായും ഭാരവാഹികളുടെ അകതാരിൽ ഉണ്ടായിരിക്കേണ്ട ഒരു സവിശേഷഗുണം വിനയമാണ്. അല്ലാഹു ഇബാദുർ റഹ്മാൻ അഥവാ റഹ്മാനായ അല്ലാഹുവിന്റെ ദാസന്മാരുടെ ലക്ഷണമായി ഇങ്ങനെ പറയുന്നു:

يَمْشُونَ عَلَى الْأَرْضِ هَوْنًا

അവർ ഭൂമിയിൽ വിനയാന്വിതരായി നടക്കുന്നവരാണ്. (25:64)

ഇതിന്റേയും ഉന്നതമായ മാതൃക നമ്മുടെ ഭാരവാഹികളിൽ ഉണ്ടായിരിക്കണം. എത്രവലിയ ഭാരവാഹിത്വമാണോ ഒരാളുടെ പക്കലുള്ളത് അത്രയധികം അയാൾ സേവനമനോഭാവത്തിലും ജനങ്ങളെ കാണുന്നതിന്റെ അടിസ്ഥാനത്തിലും വിനയം കാണി

ക്കേണ്ടതാണ്. ഇതു തന്നെയാണ് പെരിമ. ഭാരവാഹികളുടെ പെരുമാറ്റം എങ്ങനെയുള്ളതാണെന്ന് ജനങ്ങൾ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. ഇന്ന ഭാരവാഹിയുടെ പെരുമാറ്റം ഇന്ന രീതിയിലായിരുന്നു എന്നും  പക്ഷേ, ഇന്ന് ആ ഭാരവാഹി എന്നോടു സലാം പറഞ്ഞുവെന്ന് മാത്രമല്ല എന്നോട് കുശലാന്വേഷണം നടത്തുകയും സന്തോഷത്തോടെ പെരുമാറുകയും ചെയ്തുവെന്നും അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ തനിക്ക് വളരെ സന്തോഷമുണ്ടായെന്നും അങ്ങനെ ആ ഭാരവാഹിയുടെ മഹത്വമാണ് പ്രകടമായതെന്നും ചിലപ്പോൾ ആളുകൾ എനിക്കെഴുതാറുണ്ട്.

ജമാഅത്ത് അംഗങ്ങളിൽ ഭൂരിപക്ഷവും ഭാരവാഹികളുടെ സ്നേഹത്തിലും സഹിഷ്ണുതയിലും വാത്സല്യത്തോടെയുള്ള പെരുമാറ്റത്തിലും തന്നെ, സന്തോഷവാന്മാരായി എല്ലാ ത്യാഗത്തിനും തയ്യാറാകുന്നു.  ഏതെങ്കിലും ഭാരവാഹിയുടെ മനസ്സിൽ തന്റെ ഭാരവാഹിത്വം കാരണം പൊങ്ങച്ചമോ അഹങ്കാരമോ ഉടലെടുക്കുകയാണെങ്കിൽ അത് അയാളെ അല്ലാഹുവിൽ നിന്ന് അകറ്റുന്നുവെന്ന് അയാൾ ഓർത്തുകൊള്ളട്ടെ. മനുഷ്യൻ അല്ലാഹുവിൽനിന്ന് ദൂരെപ്പെടുമ്പോൾ പിന്നെ പ്രവർത്തനത്തിൽ അനുഗ്രഹം ഉണ്ടാകുകയില്ല. ദീനീപ്രവർത്തനം  ദൈവപ്രീതിക്കു വേണ്ടി മാത്രമുള്ളതാണ്. അല്ലാഹുവിന്റെ തൃപ്തി ഉണ്ടാകുന്നില്ലെങ്കിൽ അത്തരം വ്യക്തി പിന്നീട് ജമാഅത്തിന് പ്രയോജനപ്പെടുന്നതിനുപകരം നഷ്ടത്തിന് കാരണക്കാരനായിത്തീരുന്നു.

അതിനാൽ സവിശേഷമായും ഇതിന്റെ അടിസ്ഥാനത്തിൽ തങ്ങൾക്കുള്ളിൽ വിനയമുണ്ടോ ഇല്ലയോ എന്നും ഉണ്ടെങ്കിൽ അത് എത്രത്തോളമുണ്ടെന്നും ഭാരവാഹികൾ സ്വയം വിലയിരുത്തേണ്ടതാണ്. തിരുനബി(സ) പറയുന്നു:   ഒരാൾ എത്രമാത്രം വിനയവും താഴ്മയും കൈക്കൊള്ളുന്നുവോ അല്ലാഹു അത്രയധികം അയാൾക്ക് ഉന്നതസ്ഥാനം നൽകുന്നതാണ്.(സ്വഹീഹ് മുസ്ലിം, കിതാബുൽ ബിർറി വസ്സ്വില ഹദീസ് നമ്പർ 6487)

അല്ലാഹു സേവനത്തിന് അവസരം നല്കിയിട്ടുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ ഔദാര്യമാണെന്നും ആ ഔദാര്യത്തിനുള്ള കൃതജ്ഞത, അത്യധികമായി വിനയവും താഴ്മയും ഉണ്ടാകുകയാണെന്നും ഈ വിനയവും താഴ്മയും വർദ്ധിക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ ഔദാര്യത്തിനുള്ള നന്ദിപ്രകടനമാകുകയില്ലെന്നും എല്ലാ ഓരോ ഭാരവാഹിയും ഓർമവെക്കേണ്ടതാണ്.

ചിലയാളുകൾ കണ്ടുമുട്ടുമ്പോൾ സാധാരണഗതിയിൽ വലിയ വിനയം പ്രകടിപ്പിക്കുന്നതായി പലപ്പോഴും കാണാറുണ്ട്. ജനങ്ങളുമായും ശരിയായ നിലക്കു തന്നെ കൂടിക്കാഴ്ച നടത്തുന്നു. പക്ഷേ, തന്റെ കീഴിലുള്ളവനുമായോ സാധാരണക്കാരനുമായോ അഭിപ്രായ വ്യത്യാസമുണ്ടായാൽ ഉടൻതന്നെ അവരുടെ ആപ്പീസർ മനോഭാവം ഉണരുന്നു. വലിയ ഭാരവാഹിയാണെന്ന ഗർവ് തന്റെ കീഴിലുള്ളവരോട് അഹങ്കാരപ്രകടനം ചെയ്യിക്കുന്നു. ആരും അഭിപ്രായഭിന്നത പ്രകടിപ്പിക്കാതിരിക്കുകയും യെസ് സർ എന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നിടത്തോളം വിനയം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതല്ല വിനയം. ഇത് പ്രകടനാത്മക വിനയമാണ്. അഭിപ്രായ ഭിന്നത ഉണ്ടാകുമ്പോഴോ കീഴിലുള്ളവർ അനഭലഷണീയമായി സംസാരിക്കുമ്പോഴോ നീതിനിഷ്ഠമായി നിന്നുകൊണ്ട് പ്രസ്തുത അഭിപ്രായത്തെ നല്ലപോലെ വിലയിരുത്തി തീരുമാനമെടുക്കുമ്പോഴാണ് യഥാർഥ്യം വെളിപ്പെടുന്നത്. ഈ വിനയഭാവത്തോടൊപ്പം ഉന്നതമായ മനോബലവും പ്രകടമാകും. ഇത്തരം വിനയമാണ് യഥാർഥ വിനയമെന്ന് പറയപ്പെടുക.

എപ്പോഴും ഭാരവാഹികൾ അല്ലാഹുവിന്റെ ഈ കൽപ്പന ശ്രദ്ധിക്കേണ്ടതാണ്: وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِي الْأَرْضِ مَرَحًا

ജനങ്ങളുടെ മുമ്പാകെ നിന്റെ കവിൾ നീ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത്.(31:19)

## അഭിപ്രായഭിന്നത

അഭിപ്രായഭിന്നതയുടെ കാര്യം ഞാൻ പറഞ്ഞിരുന്നു, തൽസംബന്ധമായി ഇത്രയുംകൂടി പറയട്ടെ, ജമാഅത്ത് അമീറിന്

ചില സന്ദർഭങ്ങളിൽ മജ്‌ലിസെ ആമിലായുടെ അഭിപ്രായത്തെ റദ്ദ് ചെയ്തുകൊണ്ട് തന്റെ അഭിപ്രായപ്രകാരം തീരുമാനമെടുക്കാൻ തീർച്ചയായും ചട്ടം അനുവാദം നല്കുന്നുണ്ട്. എങ്കിലും എപ്പോഴും എല്ലാവരേയും ഒന്നിച്ചുകൂടെകൊണ്ടുപോകാനും കൂടിയാലോചിച്ചും ഭൂരിപക്ഷാഭിപ്രായം തന്നെ തീരുമാനമാകാനും പ്രവർത്തിക്കാനും ശ്രമിക്കേണ്ടതാണ്. ചില സ്ഥലങ്ങളിൽ അമീർമാർ ഈ അവകാശം ആവശ്യത്തിലധികം ഉപയോഗിച്ചു തുടങ്ങുന്നു. ഈ അവകാശം ഉപയോഗിക്കേണ്ടത് വളരെ അത്യാവശ്യ സന്ദർഭത്തിലായിരിക്കണം. ജമാഅത്തിന് ഇന്നതാണ് പ്രയോജനം എന്ന് മനസ്സിലാകുമ്പോൾ പിന്നെ അക്കാര്യം (അതായത്) വിപുലമായ ജമാഅത്തീ നേട്ടങ്ങളെ പരിഗണിച്ചു കൊണ്ട് ഇങ്ങനെയാണ് വേണ്ടത് എന്ന് ആമിലയ്ക്ക് വ്യക്തമാക്കി കൊടുക്കുകയും വേണം. അതിനുവേണ്ടി ദുആയിലൂടെ അല്ലാഹുവിന്റെ സഹായവും തേടണം. തങ്ങളുടെ ബുദ്ധിയിൽ മാത്രം പ്രതീക്ഷയർപ്പിക്കരുത്. ഈ അവകാശം ജമാഅത്തിന്റെ പ്രസിഡന്റുമാർക്കില്ലെന്ന് വ്യക്തമാക്കട്ടെ. നാഷണൽ പ്രസിഡന്റ് ഉള്ള സ്ഥലങ്ങളിൽ അവരും ആമിലയുടെ തീരുമാനങ്ങളെ റദ്ദ് ചെയ്ത് തങ്ങളുടെ അഭിപ്രായമനുസരിച്ച് തീരുമാനമെടുക്കാൻ പാടില്ല. തന്താങ്ങളുടെ പ്രവർത്തന വൃത്തം മനസ്സിലാക്കുന്നതിന് വേണ്ടി ഭാരവാഹികൾ നിർബന്ധമായും നിയമങ്ങളും ചട്ടങ്ങളും വായിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മജ്‌ലിസെ ആമിലയ്ക്ക് അല്ലെങ്കിൽ ജമാഅത്ത് അംഗങ്ങൾക്ക് അസ്വസ്ഥതക്ക് ഹേതുവാകുന്ന ചില ചെറിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടാകുന്നതല്ല.

പിന്നെ ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട മറ്റൊരു സവിശേഷത കീഴുദ്യോഗസ്ഥരോട് നല്ല രീതിയിൽ പെരുമാറുക എന്നതാണ്. ജമാഅത്തിന്റെ മിക്ക ജോലികളും സന്നദ്ധസേവനമായിട്ടാണ് നടക്കുന്നത്. ജമാഅത്തംഗങ്ങൾ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് സമയം നല്കുന്നു. അവർ സമയം നൽകുന്നത് അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടും അവർക്ക് ജമാ

അത്തിനോടു ബന്ധവും സ്നേഹവും ഉള്ളതുകൊണ്ടുമാണ്. ഭാരവാഹികളും തങ്ങളുടെ പ്രവർത്തകരുടെ വികാരങ്ങളെ മാനിക്കേണ്ടതും അവരോടു നല്ല രീതിയിൽ പെരുമാറേണ്ടതുമാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റേയും കല്പന.

## ജമാഅത്തിന്റെ ജോലികൾ അല്ലാഹുവാണ് നടത്തുന്നത്

പിന്നെ ഈ സൽപെരുമാറ്റത്തോടൊപ്പം തങ്ങളുടെ നാഇബുമാർക്കും കീഴിലുള്ളവർക്കും പ്രവർത്തനങ്ങൾ പഠിപ്പിച്ചു കൊടുക്കാൻ ശ്രമിക്കേണ്ടതുമാണ്. എങ്കിൽ മാത്രമേ ജമാഅത്തിന്റെ പ്രവർത്തനം നല്ലനിലയിൽ നടത്തുന്നതിന് എപ്പോഴും പ്രവർത്തകരെ ലഭിച്ചുകൊണ്ടിരിക്കുകയുള്ളൂ. ജമാഅത്തിന്റെ ജോലികൾ അല്ലാഹുവാണ് നടത്തുന്നതെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. പക്ഷേ, പരിചയ സമ്പന്നരായ ഓഫീസർമാരും ഭാരവാഹികളും ജോലിചെയ്യുന്നവരുടെ മറ്റൊരു നിര തയ്യാറാക്കുകയാണെങ്കിൽ അവർക്ക് അക്കാര്യത്തിനും പ്രതിഫലം ലഭിക്കുന്നതാണ്. അല്ലാഹവിന്റെ അനുഗ്രഹത്താൽ എനിക്കോ എനിക്കു മുമ്പേയുള്ള ഏതെങ്കിലും ഖലീഫമാർക്കോ ഒരിക്കലും ജമാഅത്തിന്റെ പ്രവർത്തനം എങ്ങനെ നടക്കുമെന്ന ആശങ്ക ഒരിക്കലും ഉണ്ടായിട്ടില്ല. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്. അവൻ ഇൻശാ അല്ലാഹ് ആത്മാർഥയുള്ളവരെ സംഘടിപ്പിച്ചു തന്നുകൊണ്ടിരിക്കുന്നതാണ്.' (അവ: ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസായിൻ വാള്യം: 1, പേജ് : 267, അടിക്കുറിപ്പ്)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് സാലിസിന്റെ കാലഘട്ടത്തിൽ ഒരു ഭാരവാഹിക്ക്, തന്റെ യുക്തിഭദ്രമായ പ്രവർത്തനവും തന്റെ അധ്വാനവും കൊണ്ടാണ് സാമ്പത്തിക സംവിധാനം നല്ല രീതിയിൽ നടക്കുന്നതെന്ന് വിചാരമുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് സാലിസ്(റഹ്) ഇതറിഞ്ഞപ്പോൾ അദ്ദേഹം അയാളെ മാറ്റി ധനകാര്യസംബന്ധമായി ഒന്നുമറിയാത്ത ഒരാളെ പ്രസ്തുത ജോലിക്ക് നിയമിച്ചു. ഇത് അല്ലാഹുവിന്റെ ജോലി

യായതിനാലും കാലത്തിന്റെ ഖലീഫയോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം കാരണത്താലും പുതുതയി വന്ന, ഒട്ടും അറിവില്ലാത്ത ഓഫീസറുടെ പ്രവർത്തനത്തിൽ എത്രമാത്രം അനുഗ്രഹം ഉണ്ടായെന്നാൽ അതേക്കുറിച്ച് അതിനു മുമ്പേ ഒരിക്കലും ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല.

ചുരുക്കത്തിൽ ഭാരവാഹികൾക്ക് അല്ലാഹു അവസരം നല്കുകയാണ് ചെയ്യുന്നത്. ജമാഅത്തിന്റെ ജോലിക്കാർക്കും അല്ലാഹു അവസരം നല്കുന്നു. വാഖിഫീനെ സിന്ദഗി അഥവാ ജീവിതം സമർപ്പണം ചെയ്തവർക്കും ജമാഅത്തിനും ദീനിനും സേവനം ചെയ്തുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാകാൻ അവൻ അവസരം നൽകുകയാണ് ചെയ്യുന്നത്. പ്രവർത്തനങ്ങളാകട്ടെ അല്ലാഹു താൻ തന്നെ ചെയ്തുകൊണ്ടിരിക്കുന്നു. ഇതാകട്ടെ അവന്റെ വാഗ്ദാനവുമാണ്. ആയതിനാൽ തന്റെ പരിചയവും അറിവുമാണ് ജമാഅത്തിന്റെ പ്രവർത്തനങ്ങളെ നടത്തുന്നതെന്നതെന്നോ തന്റെ പരിചയത്തിനും അറിവിനും ജമാഅത്തീ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നോ ഉള്ള ചിന്താഗതി ആരുടെ മനസ്സിലും ഉണ്ടാകാൻ പാടില്ല. അല്ലാഹുവിന്റെ അനുഗ്രഹം ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഭൗതിക പ്രവർത്തനങ്ങളാണെങ്കിൽ നമ്മുടെ ധാരാളം ദൗർബല്യങ്ങളും ന്യൂനതകളും കാരണം അവയിൽ അനുഗ്രഹം ഉണ്ടാകുകയോ അവയ്ക്ക് നല്ല ഫലങ്ങൾ വെളിപ്പെടുകയോ ഇല്ല. പക്ഷേ, അല്ലാഹു (ദൗർബല്യങ്ങൾക്കു മീതെ) മറയിടുകയും മലക്കുകൾ മുഖേന സ്വയം സഹായം നൽകുകയും ചെയ്യുന്നു.

ഉദാഹരണമായി തബ്ലീഗ് പ്രവർത്തനം, ഇതിൽ ഈ പാശ്ചാത്യരാജ്യങ്ങളിലും അല്ലാഹു, ഇവിടെ പഠിച്ച് വളർന്ന യുവപ്രവർത്തക ാരെ നല്കിയിരിക്കുന്നു. അവർ സ്വന്തം നിലയ്ക്ക് ദീനീവിജ്ഞാനം കരസ്ഥമാക്കുകയും പിന്നെ അഹ്മദിയ്യത്തിന്റെ എതിരാളികൾക്ക് വായടപ്പൻ മറുപടി നൽകുകയും ചെയ്യുന്നു. അവർ നൽകുന്ന മറുപടി ആരേയും

അത്ഭുതപ്പെടുത്തുന്നവയാണ്. മാത്രമല്ല ഇനിയും ഒരുപാട് യുവാക്കളുണ്ട്, അവരുടെ ഇത്തരം മറുപടിയിൽ എതിരാളികൾക്ക് ഓടിമാറുകയല്ലാതെ മറ്റൊരു മാർഗവും കാണാൻ കഴിയുന്നില്ല. ആയതിനാൽ ഭാരവാഹികൾ, ദീനീ സേവനത്തിനുള്ള അവസരം ലഭിച്ചത് തങ്ങളുടെ എന്തെങ്കിലും പരിചയമോ യോഗ്യതയോ കഴിവോ കൊണ്ടല്ലെന്നും മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹമാണെന്നും മനസ്സിലാക്കുക.

## പ്രസന്നഭാവവും സൽസ്വഭാവവും

ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട മറ്റൊരു സവിശേഷത പ്രസന്ന ഭാവവും സൽസ്വഭാവത്തോടുകൂടി പെരുമാറുകയുമാണ്. അല്ലാഹു പറയുന്നു: قُولُوا لِلنَّاسِ حُسْنًا (2:84)

ജനങ്ങളോടു സൗമ്യമായി സംസാരിക്കുകയും അവരോട് സൽസ്വഭാവത്തോടു കൂടി പെരുമാറുകയും ചെയ്യുക.

ഇതും ഭാരവാഹികളിൽ ധാരളമായി ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ ഒരു സ്വഭാവമാണ്. തങ്ങളുടെ കീഴിലുള്ളവരോടും ഒന്നിച്ച് പ്രവർത്തിക്കുന്നവരോടും സംസാരിക്കുമ്പോൾ അതുപോലെതന്നെ മറ്റുള്ളവരോടു സംസാരിക്കുമ്പോഴും ഉന്നത ധാർമിക സ്വഭാവം പ്രകടമാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. ചിലപ്പോൾ സംവിധാന സംബന്ധിയായ കാരണങ്ങളാൽ കടുപ്പത്തിലും സംസാരിക്കേണ്ട ആവശ്യം വരാറുണ്ട്. പക്ഷേ, ഈ ആവശ്യം അവസാന ചുവടാണ്. സ്നേഹപൂർവം ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുകയും തങ്ങൾ അവരോട് അനുകമ്പയുള്ളവരാണെന്ന് ഭരവാഹികൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയുമാണെങ്കിൽ 99% ആളുകളും കാര്യം മനസ്സിലാക്കുന്നതാണ്. അവർ ജമാഅത്തിനോടു സഹകരിക്കാൻ തയ്യാറാകുന്നത് അവർക്ക് ജമാഅത്തിനോട് ഒരു ബന്ധമുള്ളതുകൊണ്ടാണ്. പക്ഷേ, വലുതും സുപ്രധാനവുമായ നിബന്ധന, ഭാരവാഹികൾ തങ്ങളോടു അനുകമ്പയുള്ളവരാണെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കുകയോ അല്ലെങ്കിൽ ജനങ്ങളിൽ അവബോധം ഉണ്ടാകുകയോ ചെയ്യണമെന്നതാണ്. സൗമ്യമായി

ജനങ്ങളോടു സംവദിക്കുക. ആരെങ്കിലും തെറ്റു ചെയ്ത ഉടൻ തന്നെ, അയാൾക്ക് തന്റെ ഭാഗം വിശദീകരിക്കാൻ ശരിയായ അവസരം പോലും കിട്ടാതെ, തുടക്കത്തിൽതന്നെ അവരെ പിടി കൂടരുത്. എന്നാൽ, (തെറ്റ്)പതിവാക്കിയവരോടും, കൂടെക്കൂടെ ചെയ്തുകൊണ്ടിരിക്കുന്നവരോടും എല്ലാ ഓരോ കാര്യത്തിലും കലഹവും കുഴപ്പവും ഉണ്ടാക്കാൻ ശ്രമിക്കുന്നവരോടും കർക്ക ശമായി പെരുമാറേണ്ടി വരും. പക്ഷേ, അതിന് പൂർണമായ അന്വേഷണം ആവശ്യമാണ്. പിന്നീട് അതോടൊപ്പം ഈ കർ ശന നടപടിയും വ്യക്തി വൈരാഗ്യത്തിന്റെ രൂപം പ്രാപിക്കാൻ പാടില്ല. മറിച്ച് പരിഷ്കരണത്തിനു വേണ്ടിയായിരിക്കണം. തിരുനബി(സ) ഒരിക്കൽ യമനിൽ താൻ നിയോഗിച്ച ഭരണാധി കാരികളെ ഇങ്ങനെ ഉപദേശിക്കുകയുണ്ടായി: "ജനങ്ങൾക്ക് എ ളുപ്പമുണ്ടാക്കുക, പ്രയാസങ്ങൾ ഉണ്ടാക്കരുത്. സ്നേഹവും സ ന്തോഷവും പരത്തുക. വെറുപ്പിനെ വളരാൻ അനുവദിക്കരുത്." (മുസനദ് അഹ്മദ് ബിൻ ഹമ്പൽ ഹദീസ് നമ്പർ : 19935)

ഇത് ഭാരവാഹികളുടേയും ജമാഅത്തംഗങ്ങളുടേയും ഇടയി ലും ബന്ധങ്ങളിൽ മനോഹാരിത ഉണ്ടാക്കുന്ന ഉപദേശമാണ്. തുടർന്ന് ഇതിന്റെ ഫലമായി പരസ്പരം ജമാഅത്തംഗങ്ങളിലും വികാരങ്ങൾ മാനിക്കുന്നതിനുള്ള ആത്മാവ് ഉണ്ടാകുന്നതാണ്.

അതിനാൽ ജനങ്ങൾക്ക് എളുപ്പമുണ്ടാക്കാനുള്ള വഴികളെ കുറിച്ച് ചിന്തിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം ഭാരവാഹിക ൾക്ക് പ്രത്യേകിച്ചും അമീർമാർക്കും പ്രസിഡന്റുമാർക്കും തർബി യ്യത്ത് വകുപ്പുകൾക്കും തീരുമാനമെടുക്കുന്ന സ്ഥാപനങ്ങൾക്കു മുണ്ട്. പക്ഷേ ഒരു കാര്യം ഓർക്കുക, അല്ലാഹുവിന്റെ കല്പന കൾക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം ഈ മാർഗം സ്വീക രിക്കേണ്ടത്. ഭൗതികരായ ആളുകളെ പോലെ എളുപ്പമുണ്ടാ ക്കുന്നതിന് വേണ്ടി ദൈവിക ആജ്ഞകൾ മറന്നുപോകരുത്. ശരീഅത്തിന്റെ പരിധിയിൽ നിന്നുകൊണ്ട്, ദൈവിക തൃപ്തിക്കു മുൻഗണന നല്കിക്കൊണ്ട് മനുഷ്യരോടുള്ള കടമകളും നിറ വേറ്റേണ്ടതും തങ്ങളുടെ ശപഥങ്ങളും അമാനത്തുകളും സംര ക്ഷിക്കേണ്ടതുമാണ്.

# നിയമങ്ങളും ചട്ടങ്ങളും മനസ്സിലാക്കുക

ഞാൻ പറഞ്ഞതുപോലെ, നിയമങ്ങളും ചട്ടങ്ങളുമടങ്ങിയ പുസ്തകം എല്ലാ ഭാരവാഹികളും നോക്കേണ്ടതും തങ്ങളുടെ വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് അറിവ് കരസ്ഥമാക്കേണ്ടതുമാണ്. ഓരോരുത്തർക്കും തങ്ങളുടെ പ്രവർത്തനപരിധിയുടെ അറിവ് ഉണ്ടായിരിക്കണം. പലപ്പോഴും ഭാരവാഹികൾക്ക് തങ്ങളുടെ പരിധികളെ കുറിച്ചും അറിവുണ്ടായിരിക്കുകയില്ല. ഒരു വകുപ്പ് ഒരു ജോലി ചെയ്യുന്നുണ്ടാകും. എന്നാൽ, നിയമങ്ങളിലും ചട്ടങ്ങളിലും വേറെ വകുപ്പിലായിരിക്കും ആ ജോലി എഴുതിയിട്ടുണ്ടാകുക. അല്ലെങ്കിൽ ചിലപ്പോൾ പ്രവർത്തനങ്ങൾ സംബന്ധിച്ച് നേരിയ വ്യത്യാസമേ ഉണ്ടായിരിക്കുകയുള്ളു. അത് പരിഗണിക്കാതെ രണ്ടു വകുപ്പുകൾ, ഒന്ന് മറ്റെന്നിന്റെ പരിധിയിൽ കടന്നുകൊണ്ടിരിക്കും.

കഴിഞ്ഞ ദിവസം എനിക്ക് ഇവിടെ യു.കെ.യിലെ മജ്‌ലിസെ ആമിലായിലും മീറ്റിംഗുണ്ടായിരുന്നു. അവിടേയും ഈ നേരിയ വ്യത്യാസം മനസ്സിലാക്കാത്ത കാരണത്താൽ അകാരണമായി ചർച്ച തുടങ്ങുന്നതായി എനിക്ക് തോന്നുകയുണ്ടായി. നിയമങ്ങൾ വായിച്ചിട്ടുണ്ടെങ്കിൽ ഇങ്ങനെ സമയം നഷ്ടപ്പെടുകയില്ല. ഉദാഹരണത്തിന് തബ്‌ലീഗ് വകുപ്പ്, തബ്‌ലീഗ് പ്രവർത്തനങ്ങൾ നടത്തേണ്ടതും ബന്ധങ്ങൾ (Contact) ഉണ്ടാക്കേണ്ടതുമാണ്. ബന്ധങ്ങൾ ഉണ്ടാക്കുന്നതിലൂടെ മാത്രമേ തബ്‌ലീഗ് മുന്നോട്ടു വ്യാപിക്കുകയുള്ളൂ. ഇപ്രകാരം ഉമൂറെ ഖാരിജ വകുപ്പും ബന്ധങ്ങൾ ഉണ്ടാക്കേണ്ടതാണ്. ജമാഅത്തിനെ പരിചയപ്പെടുത്തുകയും വേണം. രണ്ടു കൂട്ടരുടേയും പ്രവർത്തന പരിധി വെവ്വേറെയാണ്. ഒന്ന് തബ്‌ലീഗ്പരമായ ഉദ്ദേശ്യത്തിനു വേണ്ടി പ്രവർത്തിക്കേണ്ടതാണ്. രണ്ടാമത്തേത് തങ്ങളുടെ പബ്ലിക് റിലേഷനു വേണ്ടിയും ബന്ധങ്ങൾ വർധിപ്പിക്കുന്നതിനു വേണ്ടിയും ഈ ജോലി നിർവഹിക്കേണ്ടതാണ്. യഥാർഥ ലക്ഷ്യം ജമാഅത്തിനെ പരിചയപ്പെടുത്തുകയും ദീനിലേക്ക് മാർഗദർശനം നൽകുകയുമാണ്. അങ്ങനെ നാം ജനങ്ങളെ അല്ലാഹുവിലേക്ക് കൊ

ണ്ടുവന്ന് അവരുടെ ഇഹപര ലോകങ്ങൾ നന്നാക്കാൻ ശ്രമിക്കുകയും ലോകത്തിന്റെ സമാധാനാവസ്ഥയിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുകയും വേണ്ടതാണ്. ഭൗതികമായ എന്തെങ്കിലും മേ (Credit) നേടുകയല്ല നമ്മുടെ ലക്ഷ്യം. യഥാർഥ ഉദ്ദേശ്യം, അല്ലാഹുവിനെ പ്രീതിപ്പെടുത്തുകയും അവന്റെ തൃപ്തി കരസ്ഥമാക്കുകയുമാണ്. വകുപ്പുകൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ പലമടങ്ങ് നല്ലഫലങ്ങൾ വെളിപ്പെടുന്നതായിരിക്കും.

## ബഡ്ജറ്റും വാർഷിക പദ്ധതിയും

വകുപ്പുകളുടെ ബജറ്റ് ശരിയായ നിലയിൽ നിജപ്പെടുത്തപ്പെടുന്നില്ലെന്ന കാര്യവും മിക്ക സ്ഥലങ്ങളിൽനിന്നും പ്രകടിപ്പിക്കാറുണ്ട്. ഓരോ വകുപ്പിനും ശൂറയിൽ ബജറ്റ് പാസാക്കപ്പെടുന്നുണ്ട്. പ്രസ്തുത ബജ നല്കപ്പെടേണ്ടതാണ്. അതു ചെലവഴിക്കാൻ ബന്ധപ്പെട്ട സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കേണ്ടതുമാണ്. പക്ഷേ സെക്രട്ടറി, വാർഷികപദ്ധതി തയ്യാറാക്കി ആമിലായിൽ അവതരിപ്പിക്കേണ്ടത് അനിവാര്യമായിരിക്കും. പിന്നെ അംഗീകരിക്കപ്പെട്ട പ്രസ്തുത പദ്ധതി പ്രകാരമായിരിക്കണം ചെലവഴിക്കേണ്ടത്. തുടർന്ന്, ഓരോ ആമില മീറ്റിംഗിലും പ്രവർത്തനം വിലയിരുത്തേണ്ടതാണ്. അംഗീകൃത പദ്ധതികളിലോ പ്രവർത്തന രീതിയിലോ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടെങ്കിൽ അല്ലെങ്കിൽ മെച്ചപ്പെട്ടകാര്യത്തിലേക്ക് ആരുടെയെങ്കിലും ശ്രദ്ധ ഉണ്ടാകുകയോ ശ്രദ്ധ ക്ഷണിക്കുകയോ ആണെങ്കിൽ അതേക്കുറിച്ച് (പദ്ധതിയെപറ്റി) വീണ്ടും പര്യാലോചന നടത്തേണ്ടതാണ്.

## കേന്ദ്രനിർദേശങ്ങൾ നടപ്പാക്കുക

കേന്ദ്രത്തിൽനിന്ന് വരുന്ന നിർദേശങ്ങളും സർക്കുലറുകളും ത്വരിത ഗതിയിലും പൂർണശ്രദ്ധയോടേയും നടപ്പിൽവരുത്തുകയും തങ്ങളുടെ ജമാഅത്തുകൾ മുഖേന നടപ്പിൽ വരുത്തിക്കുകയും ചെയ്യേണ്ടതും അമീർമാരുടേയും പ്രസിഡന്റുമാരുടേയും ജമാഅത്ത് സെക്രട്ടറിമാരുടേയും വളരെ പ്രധാനപ്പെട്ട

കർത്തവ്യമാണ്. ചില ജമാഅത്തുകളെ കുറിച്ച് അവർ കേന്ദ്ര നിർദേശപ്രകാരം പൂർണമായും പ്രവർത്തിക്കുന്നില്ലെന്ന പരാതികൾ ലഭിക്കാറുണ്ട്. ഏതെങ്കിലും നിർദേശത്തെ സംബന്ധിച്ച് ഏതെങ്കിലും പ്രത്യേക രാജ്യത്തിലോ ജമാഅത്തിലോ രാജ്യത്തിന്റെ അവസ്ഥകൾ കാരണത്താൽ എന്തെങ്കിലും നിയന്ത്രണമുണ്ടെങ്കിൽ പോലും ഉടൻതന്നെ കേന്ദ്രവുമായി ബന്ധപ്പെട്ട് അവസ്ഥകൾക്കനുസരിച്ച് അതിൽ മാറ്റം വരുത്താൻ അപേക്ഷിക്കേണ്ടതാണ്. ഇത് ജമാഅത്ത് അമീറിന്റേയും പ്രസിഡന്റിന്റേയും ജോലിയാണ്. പക്ഷേ, തങ്ങളുടെ ബുദ്ധിപ്രയോഗിച്ചുകൊണ്ട് പ്രസ്തുത നിർദ്ദേശം ഒരുഭാഗത്ത് പൂഴ്ത്തിവയ്ക്കുകയും അത് നടപ്പിൽ വരുത്താതിരിക്കുകയും കേന്ദ്രത്തെ അറിയിക്കാതിരിക്കുകയും ചെയ്യുന്നത് ഒരു തരത്തിലും ശരിയല്ല. ഏതെങ്കിലും അമീർ അല്ലെങ്കിൽ സദ്റിന്റെ ഇത്തരം പ്രവർത്തനം കേന്ദ്രത്തെ അവഗണിക്കലായി ഗണിക്കപ്പെടുന്നതും തൽസംബന്ധമായി കേന്ദ്രം നടപടികൾ കൈക്കൊള്ളാനും സാദ്ധ്യതയുണ്ട്.

## മൂസ്വികൾ ശ്രദ്ധിക്കുക

മൂസ്വികളെക്കുറിച്ചും ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്; ഒന്നാമതായി, തങ്ങളുടെ ചന്ദകൾ കൃത്യമായി കൊടുക്കുകയും അതിന്റെ കണക്കുകൾ സൂക്ഷിക്കുകയും ചെയ്യേണ്ടത് ഓരോ മൂസ്വിയുടേയും സ്വന്തം ചുമതലയാണെന്ന് മൂസ്വികൾ ഓർത്തിരിക്കേണ്ടതാണ്. എന്നാൽ ഓരോ മൂസ്വിയുടേയും കണക്കുകൾ പൂർത്തിയാക്കി വെക്കുകയും ആവശ്യാനുസരണം അവരുടെ ചന്ദയുടെ അവസ്ഥ എന്താണെന്ന് ഓർമപ്പെടുത്തേണ്ടതും കേന്ദ്ര ഓഫീസിന്റേയും ബന്ധപ്പെട്ട സെക്രട്ടറിമാരുടേയും കർത്തവ്യമായിരിക്കും. പ്രാദേശിക ജമാഅത്ത് സെക്രട്ടറിമാരെ കർമനിരതരാക്കേണ്ടത് ദേശീയ ജമാഅത്തിന്റെ ജോലിയാണ്. ഓരോ മൂസ്വിയും അവരുടെ ബന്ധത്തിൽ (Contact) ഉണ്ടായിരിക്കണം. ഏതെങ്കിലും കാര്യത്തിൽ ആരെയെങ്കിലും ആരെയെങ്കിലും കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. ആ വ്യക്തി മൂസ്വി

യായിരിക്കും. ഇത്രകാലമായി അദ്ദേഹം വസിയ്യത്തിന്റെ ചന്ദ കൊടുക്കുന്നില്ലെന്ന് റിപ്പോർട്ടിൽ പരാമർശമുണ്ടായിരിക്കും. വസിയ്യത്തിന്റെ ചന്ദ കൊടുക്കാതെ എങ്ങനെ വസിയ്യത്ത് നിലനില്ക്കും?എന്ന് ചോദിക്കപ്പെടുമ്പോൾ, തുടർന്ന് അന്വേഷണത്തിൽ അത് മൂസിയുടെ കുറ്റമല്ലായിരുന്നുവെന്നും അദ്ദേഹം ചന്ദ കൊടുത്തിട്ടുണ്ടായിരുന്നുവെന്നും പക്ഷേ, റെക്കോർഡ് സൂക്ഷിക്കുന്നവർ അല്ലെങ്കിൽ ഓഫീസ് ശരിയായ റെക്കോർഡ് വെച്ചിട്ടില്ലെന്നും വ്യക്തമാകുന്നു. ഒന്ന്, അത്തരം റിപ്പോർട്ട് അകാരണമായി മൂസിയെ പ്രയാസപ്പെടുത്താൻ കാരണമായിത്തീരുന്നു. രണ്ട്, ജമാഅത്ത് വ്യവസ്ഥിതിയിലും ബലഹീനതയുടെ വലിയ അടയാളം പതിയുന്നു. ഇപ്പോൾ കണക്കുവെക്കാനുള്ള ബലവത്തായ സംവിധാനം ആയിട്ടുണ്ട്. വളരെ വ്യൈലോമശേര രീതിയാണ്. കമ്പ്യൂട്ടറും എല്ലാമുണ്ട്. അത്തരം തെറ്റുകൾ ഉണ്ടാകാൻ പാടില്ല. എല്ലാ രാജ്യത്തിലേയും വസിയ്യത്ത് സെക്രട്ടറിമാരും മാൽസെക്രട്ടറിമാരും തങ്ങളുടെ രാജ്യത്തിലെ എല്ലാ ജമാഅത്തിലേയും ബന്ധപ്പെട്ട സെക്രട്ടറിമാരെ കർമ നിരതരാക്കേണ്ടതാണ്. ഇടയ്ക്കിടെ അത് വിലയിരുത്തേണ്ടത് ജമാഅത്ത് അമീറുമാരുടേയും കർത്തവ്യമാണ്. വെറും ചന്ദ അടയ്ക്കുകയും അതിന്റെ റിപ്പോർട്ടു നല്കുകയുമല്ല അവരുടെ ജോലി. മറിച്ച് ഈ സംവിധാനത്തെ വിശ്വാസയോഗ്യമാക്കേണ്ടതും കേന്ദ്രവും തദ്ദേശ ജമാഅത്തീ സംവിധാനവും (തമ്മിൽ) ശക്തമായ ബന്ധം ഉണ്ടാക്കേണ്ടതും അമീറുമാരുടെ ജോലിയാണ്.

മുബല്ലിഗുമാരും മുറബ്ബിമാരും

ഇതുപോലെതന്നെ മുബല്ലിഗുമാരും മുറബ്ബിമാരും ബന്ധപ്പെട്ട ഒരു കാര്യം കൂടി പറയാനാഗ്രഹിക്കുന്നു; ചില സ്ഥലങ്ങളിൽ മുബല്ലിഗുമാരുടേയും മുറബ്ബിമാരുടേയും മീറ്റിംഗുകൾ കൃത്യമായി എല്ലാ മാസവും ഉണ്ടാകാറില്ല. മുബല്ലിഗ് ഇൻചാർജ് ഈ മീറ്റിംഗുകൾ കൃത്യമായി നടത്താൻ ബാദ്ധ്യസ്ഥനാണ്. ജമാഅത്തീ തർബിയ്യത്തിന്റേയും തബ്ലീഗിന്റേയും പ്രവർത്ത

നങ്ങൾ വിലയിരുത്തേണ്ടതാണ്. ആരെങ്കിലും നല്ല പ്രവർത്തനം ചെയ്തിട്ടുണ്ടെങ്കിൽ തൽസംബന്ധമായി അഭിപ്രായവിനിമയം നടത്തുകയും നല്ല പ്രവർത്തനം കാഴ്ചവെക്കാൻ സ്വീകരിച്ചിട്ടുള്ള രീതി മറ്റുള്ളവരും പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. അതുപോലെതന്നെ ജമാഅത്ത് സെക്രട്ടറിമാർ ജമാഅത്തുകൾക്ക് നൽകുന്ന നിർദ്ദേശങ്ങൾ അല്ലെങ്കിൽ കേന്ദ്ര നിർദ്ദേശാനുസരണം ജമാഅത്തുകൾക്ക് അയക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ചും റിപ്പോർട്ട് നല്കേണ്ടതാണ്. ഇതുസംബന്ധമായി ഓരോ ജമാഅത്തിലും എത്രത്തോളം പ്രവർത്തനം നടക്കുന്നുണ്ടെന്നും എവിടെയാണ് സെക്രട്ടറിമാർ കർമനിരതരല്ലാത്തതെന്നും കൂടി മുറബ്ബിമാർ നോക്കേണ്ടതാണ്. പ്രത്യേകിച്ചും തബ്ലീഗ്, തർബിയ്യത്ത്, സാമ്പത്തിക ത്യാഗം തുടങ്ങിയ കാര്യങ്ങളിൽ അവിടെ മുബല്ലിഗുമാരും മുറബ്ബിമാരും അവരുടെ ശ്രദ്ധ ക്ഷണിക്കേണ്ടതാണ്.

അല്ലാഹു അടുത്ത മൂന്നു വർഷത്തേക്ക് സേവനം ചെയ്യാൻ അവസരം തന്നിരിക്കുന്നു. അതിൽ തങ്ങളുടെ എല്ലാ കഴിവുകളോടുംകൂടി, അധികമധികം സേവനം ചെയ്യാനും തങ്ങളുടെ ഓരോ വാക്കിലും പ്രവൃത്തിയിലും ജമാഅത്തിൽ മാതൃകയായിത്തീരാനും അല്ലാഹു എല്ലാ ഭാരവാഹികൾക്കും തൗഫീഖ് നല്കുമാറാകട്ടെ.